കിളിമാനൂർ ബ്ലോക്കിലേക്ക് അനുവദിച്ച ജീപ്പ്

366 [475] ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ ബ്ലോക്കിലേക്ക് അനുവദിച്ചിരുന്ന ജീപ്പ് ആ ബ്ലോക്കിലേക്ക് കൊടുത്തിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ കൊടുക്കുവാൻ നിർദ്ദേശം നൽകാമോ ?

ഉത്തരം

(എ, ബി) കിളിമാനൂർ ബ്ലോക്കിലേക്ക് അനുവദിച്ച ഡീസൽ ജീപ്പ് പാറശ്ശാല ബ്ലോക്കിലേക്ക് അലോട്ടു ചെയ്തു. പാറശ്ശാല ബ്ലോക്കിൽ 150 സാക്ഷരതാ കേന്ദ്രങ്ങൾ കൂടുതലായി നടക്കുന്നതുകൊണ്ട് അവിടെ ഇന്ധന ചെലവ് കുറയ്ക്കുന്നതിനുവേണ്ടിയാണ് ഡീസൽ ജീപ്പ് അവിടേക്കു നൽകിയത്. കിളിമാനൂർ ബ്ലോക്കിന് ഉപയോഗപ്രദമായ മറ്റൊരു ജീപ്പ് നൽകിയിട്ടുണ്ട്.

അഴുത ബ്ലോക്കിലെ പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലെ വീടുപണി

367 [476] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പീരുമേട് നിയോജക മണ്ഡലത്തിൽപ്പെട്ട അഴുത ബ്ലോക്കിലെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ നിർമ്മിക്കാൻ നിശ്ചയിച്ചിരുന്ന വീടുകളുടെ പണി അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ ?

ഉത്തരം

അഴുത ബ്ലോക്കിലെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ അനുവദിച്ചിട്ടുള്ള വീടുകളുടെ പണി എത്രയുംവേഗം തീർക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നേരത്തെതന്നെ നിർദ്ദേശം നല്കിയിട്ടുണ്ട്.

കടുവാക്കുളം ഹരിജൻ കോളനിയിലെ റിക്രിയേഷൻ സെന്ററിന്റെ കെട്ടിടം പണി

368 [477] ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പള്ളം ബ്ലോക്കിലെ പനച്ചിക്കാട് പഞ്ചായത്തിലെ കടുവാക്കുളം ഹരിജൻ കോളനിയിലെ റിക്രിയേഷൻ സെന്ററിനുവേണ്ടി കെട്ടിടം പണിയുന്നതിനു നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

പരിഗണിക്കാവുന്നതാണ്.

ആർ. എൽ. ഇ. ജി. പി., എൽ. ആർ. ഇ. പി. പദ്ധതി പ്രകാരമുള്ള കെട്ടിട നിർമ്മാണത്തിനു നല്കുന്ന സർട്ടിഫിക്കറുകൾ

369 [478] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആർ. എൽ. ഇ. ജി. പി., എൽ. ആർ. ഇ. പി. എന്നീ പദ്ധതികൾ പ്രകാരമുള്ള കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകർക്ക് എം. പി. മാരും എം. എൽ. എ. മാരും നല്കുന്ന സർട്ടിഫിക്കറ് മതിയാകുന്നതാണെന്ന് നിർദ്ദേശിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

പരിശോധിക്കാവുന്നതാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

II ശ്രദ്ധക്ഷണിക്കൽ

(1) കേരളത്തിലെ നഴ്സുമാരുടെ ജോലി സമയം

ശ്രീമതി കെ. ആർ. ഗൗരി : സർ, കേരളത്തിലെ നേഴ്സുമാരുടെ ജോലി സമയം, പകൽ ജോലി ചെയ്യുന്ന നേഴ്സുമാരാണെങ്കിൽ രാവിലെ 8 മണി മുതൽ വൈകുന്നേരം 6 മണിവരെ 10 മണിക്കൂറും, വൈകുന്നേരം രാത്രി ഡ്യൂട്ടി എടുക്കുന്ന നേഴ്സുമാർക്ക് 6 മണി മുതൽ പിറേറ ദിവസം 8 മണിവരെ 14 മണിക്കൂർ വീതവുമാണ്. രാത്രി ഡ്യൂട്ടി നോക്കുന്ന നേഴ്സു
9.30 a. m.] മാർക്ക് ഒരാഴ്ചക്കാലം മുഴുവൻ ജോലി ചെയ്തു കഴിഞ്ഞാൽ അവർക്ക് ഒരു ദിവസം ഫുൾ ആയിട്ടുള്ള ഓഫ് കിട്ടുന്നില്ല. പിറേറ ദിവസവും അവർ രാവിലെ 6 മണിക്ക് ഡ്യൂട്ടിക്ക് ഹാജരാകണം. നമ്മുടെ സംസ്ഥാനത്ത് മാത്രമാണ് ഈ വിധത്തിലുള്ള നടപടി തുടർന്നു വരുന്നത്. മറ് സംസ്ഥാനങ്ങളിൽ അവർക്ക് രണ്ട് ദിവസം ഓഫ് ഉണ്ട്. നൈറ്ഡ്യൂട്ടി ഒരാഴ്ചക്കാലം എടുത്തു കഴിഞ്ഞാൽ രണ്ടു ദിവസം അവർക്ക് ഓഫ് ഉണ്ട്. രണ്ട് ദിവസം കഴിഞ്ഞിട്ട് ഡ്യൂട്ടിക്ക് ഹാജരായാൽ മതി. ഇത് നേഴ്സുമാർ ദീർഘകാലമായി ആവശ്യപ്പെടുന്നതാണ്. 1981-ൽ നഴ്സുമാർ അവരുടെ ആവശ്യങ്ങൾ ഉന്നയിച്ചപ്പോൾ 8 മണിക്കൂർ ജോലി എന്നുള്ള ആവശ്യം അംഗീകരിച്ചുകൊണ്ട് അത് പടിപടിയായി നടപ്പിലാക്കാമെന്ന് അവരോട് ഉറപ്പുപറഞ്ഞു. അതിന്റെ ആദ്യഘട്ടമെന്നുള്ള നിലയിൽ അത് തിരുവനന്തപുരത്ത് ജനറൽ ഹോസ്പിറലിൽ ആണ് നടപ്പിലാക്കിയത്. അതു കഴിഞ്ഞതിനുശേഷം പിന്നീട് വന്ന സർക്കാരിന്റെ മുന്നിലും നേഴ്സുമാർ ഈ ആവശ്യം ഉന്നയിച്ചു. ശ്രീ. കർത്തായും, ശ്രീ. രാമചന്ദ്രൻനായരും ഇത് നടപ്പിലാക്കാം ; അടുത്ത സ്റേറജിലേക്ക് പോകാം എന്ന് അംഗീകരിക്കുകയും ചെയ്തതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അവസാന നിമിഷം അവർക്ക് ഉറപ്പുകൊടുത്തു ഇത് നടപ്പിലാക്കാമെന്ന്. ഇന്ന് ഇപ്പോൾ നടപ്പിലാക്കിയിട്ടില്ല എന്നുമാത്രമല്ല, ഇതിന്റെ ആവശ്യം വച്ചുകൊണ്ട് ഒരു ദിവസം അവർ യൂണിഫോം ഉപേക്ഷിച്ച് ഡ്യൂട്ടി നോക്കിയതിന്റെ അടിസ്ഥാനത്തിൽ, ഇത്. നടപ്പിലാക്കാൻ സാധിക്കുകയില്ലെന്നു പറഞ്ഞുകൊണ്ട് അവരുടെ ഒരു ദിവസത്തെ വാഷിംഗ് അലവൻസ് ഗവൺമെൻറ് പിടിച്ചു വച്ചിരിക്കുകയാണ്. ജോലി സമയം എട്ട് മണിക്കൂർ ആക്കണമെന്നത് വളരെക്കാലമായി നേഴ്സുമാർ ആവശ്യപ്പെടുന്ന ഒരു കാര്യമാണ്. ഇത് നടപ്പിലാക്കിത്തുടങ്ങിയതുമാണ്. 8 മണിക്കൂർ ജോലി നമ്മുടെ എല്ലാ സർവ്വീസിലും, ഉള്ളതാണ്. 8 മണിക്കൂർ ജോലി സെക്രട്ടേറിയറ്റിലുണ്ട്, എൻ. ജി. ഒ. മാർക്കുണ്ട്, ടീച്ചേഴ്സിനാണെങ്കിൽ അതിൽ കുറവുമാണ്. ബാക്കിയുള്ളവരുടെ ഈ വക പ്രശ്നങ്ങൾ എല്ലായിടത്തും നടപ്പിലാക്കിയതാണ്. പഴയ കാലത്ത് നമ്മൾ മേയ് ദിനത്തിന് ഒഴിവും കൊടുത്തു. 8 മണിക്കൂർ ജോലി യെന്നുള്ള സിദ്ധാന്തം അംഗീകരിച്ച് അതിനുവേണ്ടി പടപൊരുതി മരിച്ച ആളുകൾക്കുവേണ്ടി ഒഴിവും കൊടുത്തു. എങ്കിലും നേഴ്സുമാരുടെ ഈ ആവശ്യം ഇതുവരെ നടപ്പിലാക്കാൻ ഈ ഗവൺമെൻറ് തയ്യാറായിട്ടില്ല. അവർ ഒരു സൂചനാ പണിമുടക്ക് നടത്തിയപ്പോൾ അതിന് എതിരായിട്ടുള്ള വിധത്തിൽ അവരുടെ ഒരു ദിവസത്തെ ശമ്പളം പിടിക്കുകയാണ് ചെയ്തത്.

LIBRARY ARCHIVES Kerala Legislative Assembly